LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. നേരത്തെ മന്ത്രി പറഞ്ഞത് 76,000 എന്നാണ്. ഇപ്പോൾ അത് 86,000 ആയി. കുറച്ചു കഴിയുമ്പോൾ ഒരു ലക്ഷമാകുമെന്ന് വിചാരിക്കാം. ഞാൻ ഈ ലിസ്റ്റ് നോക്കിയപ്പോൾ തൃശ്ശൂർ ജില്ലയിൽ നിന്നാണ് 20,000 ആളുകൾ പുറംതള്ളപ്പെട്ടിട്ടുള്ളത്. ബാക്കിയെല്ലാ ജില്ലകളിലും രണ്ടായിരം, മൂവായിരം ആളുകൾ മാത്രമേയുള്ളൂ. അപ്പോൾ എങ്ങനെയാണ് ഈ അന്തരം വന്നിട്ടുള്ളതെന്ന് പരിശോധിക്കേണ്ടതാണ്. എനിക്ക് പറയാനുള്ളത് ഇപ്പോൾ വരാൻ സാദ്ധ്യതയുള്ള കണക്കനുസരിച്ച് ഒരുലക്ഷത്തോളം കുടുംബങ്ങൾ ബി.പി.എൽ. ലിസ്റ്റിൽ നിന്നും എ.പി.എൽ. ലിസ്റ്റിലായ സാഹചര്യത്തിൽ അടിയന്തിരമായും അത്രയും നമ്പർ എ.പി.എൽ. ലിസ്റ്റിൽ നിന്നും ബി.പി.എൽ. ലിസ്റ്റിലാക്കി മാറ്റുന്നതിന് നിശ്ചിത സമയം വച്ചുകൊണ്ടുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. അടൂർ പ്രകാശ് : ഇക്കാര്യത്തിൽ നിശ്ചിത സമയം നിശ്ചയിച്ചിട്ടുണ്ട്. ഫെബ്രുവരി മാസം അവസാനത്തോടെ ഇത് പരിഹരിക്കാനാണ് നടപടിയെടുക്കുന്നത്. 15-ാം തീയതികൊണ്ട് ഇന്ന് നടക്കുന്ന പരിശോധന പൂർത്തീകരിച്ച് ലിസ്റ്റ് തരാൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് കഴിഞ്ഞയാഴ്ച സഭയിൽ 76,000 എന്ന് പറഞ്ഞത്. അതിനുശേഷം കിട്ടിയ കണക്കുകളാണ് ഇപ്പോൾ സൂചിപ്പിച്ചത്. ബി.പി.എൽ. ലിസ്റ്റിൽ നിന്ന് ഒഴിവായി എ.പി.എൽ.-ലേക്ക് പോകുന്ന അനർഹരായവരെ മാറ്റുന്ന അത്രയും എണ്ണംതന്നെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(2) തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിന്റെ വികസന പ്രവർത്തനങ്ങൾ

ശ്രീ. കെ. മോഹൻകുമാർ : സർ, തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ടിന്റെ വികസന പ്രശ്നങ്ങൾ ഒരിക്കൽക്കൂടി ഈ സഭാതലത്തിൽ അവതരിപ്പിക്കുകയാണ്. തിരുവനന്തപുരം എയർപോർട്ടിൽ ആധുനിക യാത്രാ ടെർമിനൽ നിർമ്മാണം അതിവേഗം ആരംഭിക്കണമെന്നുള്ളതാണ് പൗരാവലിയുടേയും വ്യോമയാന രംഗത്തുള്ളവരുടേയും ആഗ്രഹം. വിദ്യാഭ്യാസത്തിനും തൊഴിലിനും വിനോദസഞ്ചാരത്തിനും ആരോഗ്യ സംരക്ഷണത്തിനും അനുസ്യൂതം അതിർത്തികൾ കടക്കുന്ന വിവിധഭാഷക്കാരായ സഞ്ചാരികൾ ലോകത്തെ ഒരു ഗ്രാമമാക്കി ചുരുക്കിയിരിക്കുകയാണ്. ഇവിടെ ഓരോ എയർപോർട്ടും ഭരണ വ്യവസ്ഥയുടേയും ഒരു ജനസമൂഹത്തിന്റെ കാര്യക്ഷമതയുടേയും സംസ്ക്കാരമികവിന്റേയും പ്രതിഫലനമായും പ്രതീകമായും മാറിക്കഴിഞ്ഞിരിക്കുകയാണ്. അന്താരാഷ്ട്ര പദവി ലഭിച്ച് ഒട്ടേറെ വർഷങ്ങൾ കഴിഞ്ഞിട്ടും ആധുനിക യാത്രാ ടെർമിനൽ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി കിട്ടാത്ത തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസന പ്രശ്നങ്ങൾ ശ്രീ. എ. കെ. ആന്റണി ഗവൺമെന്റ് വളരെ ആത്മാർത്ഥതയോടുകൂടി ഏറ്റെടുക്കുകയും ആ പരാധീനതകൾ പരിഹരിക്കുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 262-ഓളം ഭൂവുടമകളിൽ നിന്ന് നിരന്തരമായ ചർച്ചകളിലൂടേയും സമ്മർദ്ദങ്ങളിലൂടേയും ഭൂമി കരസ്ഥമാക്കി 2005 മാർച്ച് മാസത്തോടുകൂടി ആ ഭൂമി എയർപോർട്ട് അതോറിറ്റിക്ക് കൈമാറിക്കൊടുക്കുകയും

ചെയ്തു. പക്ഷെ ദുഃഖകരമെന്ന് പറയട്ടെ 2005 ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുമെന്ന് പറഞ്ഞ ടെർമിനൽ വികസനം ഇനിയും ആരംഭിച്ചിട്ടില്ല. സ്വന്തം കിടപ്പാടം വിട്ടുകൊടുത്തവരേയും അതിന് പ്രേരിപ്പിച്ചവരേയും നിരാശരാക്കിക്കൊണ്ട് ആമയുടെ വേഗത്തപ്പോലും നാണിപ്പിക്കുന്ന വിധത്തിൽ ഈ പ്രശ്നം എവിടേയോ ഉറങ്ങിക്കിടക്കുകയാണ്. ഈ ടെർമിനൽ വികസനം ഇനിയും ആരംഭിക്കാതിരിക്കുന്നത് ജനങ്ങൾക്കിടയിൽ ശക്തമായ വികാരങ്ങളുണർത്താൻ സാദ്ധ്യതയുണ്ട്. പബ്ളിക് ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെ ക്ളിയറൻസ് കിട്ടിയിട്ടില്ലെന്ന് പറഞ്ഞാണ് അധികൃതർ ഇക്കാര്യത്തിൽ മൗനമവലംബിക്കുന്നത്. സംസ്ഥാനത്തെ നിരവധി മേഖലകളിൽ വികസനത്തിന്റെ നെയ്ത്തിരി ജ്വലിപ്പിച്ച ഈ ഗവൺമെന്റ് ഇത് കൈയുംകെട്ടി നോക്കി നിൽക്കരുതെന്നാണ് എനിക്ക് വിനയപുരസ്സരം അഭ്യർത്ഥിക്കാനുള്ളത്.

ഡൽഹി, ബോംബെ പോലുള്ള എയർപോർട്ടുകൾ സ്വകാര്യ കൺസോർഷ്യങ്ങളെ ഏൽപ്പിച്ച് കൈയുംകെട്ടി നിൽക്കുന്ന എയർപോർട്ട് അതോറിറ്റി തിരുവനന്തപുരം വിമാനത്താവളത്തിന്റെ കാര്യത്തിൽ കുറച്ചുകൂടി ഉദാരമായ സമീപനം സ്വീകരിക്കണമെന്ന് ഗവൺമെന്റ് അഭ്യർത്ഥിക്കേണ്ടതുണ്ട്. രണ്ടാംഘട്ട വികസനത്തിനാവശ്യമായ ഭൂമി മാർക്കറ്റ് വിലയ്ക്ക് ഏറ്റെടുക്കണം. പൊന്നും വില സമ്പ്രദായം കാലവിളംബം വർദ്ധിപ്പിക്കാനേ ഉപകരിക്കൂ. തിരുവനന്തപുരം വിമാനത്താവളത്തിന്റെ കാലിലെ വിലങ്ങുകൾ അഴിച്ചുമാറ്റണമെന്നും കൂടുതൽ ആഭ്യന്തര സർവ്വീസുകൾ കേരളത്തിലെ വിമാനത്താവളങ്ങൾ ബന്ധിപ്പിച്ച് നടത്തണമെന്നും എയർലൈൻസും അതുപോലെ എയർ ഇൻഡ്യയും റദ്ദാക്കിയ പഴയ സർവ്വീസുകൾ പുനഃസ്ഥാപിക്കണമെന്നും ടെർമിനൽ നിർമ്മാണം അതിവേഗത്തിൽ ആരംഭിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിന്റെ വികസനം രണ്ട് ഘട്ടങ്ങളിലായിട്ടാണ്. എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ വിഭാവനം ചെയ്തിട്ടുള്ളത്. ഒന്നാംഘട്ട വികസനത്തിൽ ചാക്ക ഭാഗത്തായി രാജ്യാന്തര ടെർമിനലും മറ്റ് അനുബന്ധ വികസനപ്രവർനങ്ങളുമാണ് തീരുമാനിച്ചിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ ദീർഘകാല വികസന പദ്ധതികളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിൽ പുതിയ രാജ്യാന്തര ടെർമിനൽ നിർമ്മിക്കാനായി സംസ്ഥാന സർക്കാർ 27 ഏക്കർ ഭൂമി ഏറ്റെടുത്ത് സൗജന്യമായി നൽകണമെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ആവശ്യപ്പെട്ടിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ 1996-ൽ ആരംഭിച്ചതാണെങ്കിലും നിരവധി കോടതി കേസുകളും മറ്റുമായി ഏറ്റെടുക്കൽ പൂർത്തിയാക്കുവാൻ കാലതാമസം നേരിട്ടു. 2004 നവംബറിൽ തിരുവനന്തപുരം വിമാനത്താവള വികസനം ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽ ഉൾപ്പെടുത്തുകയും പുതിയ ടെർമിനൽ നിർമ്മാണത്തിനാവശ്യപ്പെട്ട മുഴുവൻ ഭൂമിയും, അതായത് 27.56 ഏക്കർ ഭൂമി, ഏറ്റെടുത്ത് 29-3-2005-ൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യക്ക് കൈമാറുകയുമുണ്ടായി. പുതിയ ടെർമിനൽ നിർമ്മാണത്തിനായി 165.50 കോടി രൂപയുടെ പ്രോജക്ട് എയർപോർട്ട് അതോറിറ്റിയുടെ ഡയറക്ടർ ബോർഡ് ജൂലൈ 2005-ൽ അംഗീകരിച്ചിട്ടുണ്ട്. ഇതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം 2005 നവംബർ മാസത്തിൽ ലഭിക്കുകയുണ്ടായി. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

കെ. മോഹൻകുമാർ പറഞ്ഞതുപോലെ പ്രോജക്ട് ഇപ്പോൾ കേന്ദ്ര പബ്ളിക് ഇൻവെസ്റ്റിമെന്റ് ബോർഡിന്റെ പരിഗണനയിലാണ്. പബ്ളിക് ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെ അംഗീകാരം ഉടനെ ലഭ്യമാകുമെന്നാണ് എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ അറിയിച്ചിട്ടുള്ളത്. പബ്ളിക് ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിച്ചാലുടൻതന്നെ നിർമ്മാണ ജോലികൾ ആരംഭിക്കാൻ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ സജ്ജമാണെന്ന് അറിയിച്ചിട്ടുണ്ട്. രണ്ടാംഘട്ട വികസനത്തിനായി 61.42 ഹെക്ടർ ഭൂമി ഏറ്റെടുക്കണമെന്ന് നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തിയിട്ടുണ്ട്. ദീർഘകാല വികസന പദ്ധതിയുടെ രൂപരേഖ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിനുപുറമെ ബോയിംഗ് വിമാനങ്ങളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിനായി ഒരു സെന്റർ സ്ഥാപിക്കാൻ 15 ഏക്കർ ഭൂമി എയർ ഇൻഡ്യക്ക് 27-11-2005-ൽ സംസ്ഥാന സർക്കാർ അലോട്ട് ചെയ്തിട്ടുണ്ട്. ഒരുകാര്യം കൂടി പറയാം. കേരളത്തിന്റെ വികസന അജണ്ടയിൽ ഏറ്റവും മുഖ്യമായിട്ടുള്ളത് തിരുവനന്തപുരം എയർപോർട്ടിന്റെ വികസനം തന്നെയാണ്. അത് നേടിയെടുക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രി കേന്ദ്രത്തിൽ പോകുമ്പോൾ പ്രധാനമന്ത്രിക്കും അതുപോലെ മറ്റ് മന്ത്രിമാർക്കും നിവേദനം കൊടുക്കാറുണ്ട്. ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മോഹൻകുമാർ: സർ, തിരുവനന്തപുരം എയർപോർട്ടിന്റെ കാര്യത്തിൽ പബ്ളിക് ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എയർ ടെർമിനലിന്റെ വികസന പരിപാടികൾ ആരംഭിക്കുമെന്നാണ് മന്ത്രി മറുപടി പറഞ്ഞത്. ലഭിക്കുന്ന മുറയ്ക്ക് പ്രതീക്ഷിക്കുന്നു എന്നുള്ള മറുപടികൾവഴി നമുക്ക് കേന്ദ്ര വ്യോമയാനമന്ത്രാലയത്തിൽനിന്നോ പബ്ളിക് ഇൻവെസ്റ്റ്മെന്റ് ബോർഡിൽ നിന്നോ അനുമതി വാങ്ങിയെടുക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ഒരു വർഷക്കാലം വൈകിപ്പോയി. ഇക്കാര്യം ബഹുമാന്യനായ പ്രധാനമന്ത്രിയുടേയും അതുപോലെ പാർലമെന്റ് അംഗങ്ങളുടേയുമൊക്കെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം വാങ്ങിയെടുക്കാനും നിർമ്മാണ പ്രവർത്തനങ്ങൾ രണ്ട് മാസത്തിനുള്ളിൽ ആരംഭിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: കഴിഞ്ഞ മാസം നടന്ന എം.പി.-മാരുടെ യോഗത്തിൽ ഇത് ഒരു പ്രധാന അജണ്ടയായിരുന്നു. മുഖ്യമന്ത്രി മൂന്ന് പ്രാവശ്യം ഡൽഹിയിൽ പോയപ്പോഴും അദ്ദേഹം പ്രധാനമന്ത്രിയെ നേരിട്ട് കണ്ട് കൊടുത്ത കേരളത്തിന്റെ ആവശ്യമായ മുൻഗണനാക്രമത്തിൽ ഒന്നാമത്തേത് തലസ്ഥാന എയർപോർട്ടിന്റെ വികസനം തന്നെയാണ്. സംസ്ഥാന ഗവൺമെന്റ് സൗജന്യമായി ഭൂമി ഏറ്റെടുത്തുകൊടുത്ത ഏക വിമാനത്താവളം തിരുവനന്തപുരം മാത്രമാണ്. തലസ്ഥാന നഗരിയിലെ വിമാനത്താവളമെന്ന നിലയ്ക്ക് മുന്തിയ പരിഗണനയാണ് ഗവൺമെന്റ് കൊടുക്കുന്നത്. ഇൻവെസ്റ്റ്മെന്റ് ബോർഡുകാരുടെ അംഗീകാരം സംബന്ധിച്ചുള്ളത് ഫൈനൽ സ്റ്റേജിലാണെന്ന് അറിയിച്ചിട്ടുണ്ട്. ഏതായാലും ഏതാനും ആഴ്ചകൾക്കകം തന്നെ ഇതിന്റെ അനുവാദം കേന്ദ്ര വ്യോമയാന മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഈ സഭയെ അറിയിക്കുകയാണ്.